(ബി) 14 താലൂക്കുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഒരു ജില്ലയുടേയും റീസർവ്വേ പ്രവർത്തനങ്ങൾ പൂർണ്ണമായി പൂർത്തിയാക്കിയിട്ടില്ല.

(സി) ഇപ്പോഴുള്ള സ്റ്റാഫിനെ പുനർവിന്യസിപ്പിച്ച് റീസർവ്വേ പൂർത്തീകരിക്കുന്നതാണ്.

വരുമാന സർട്ടിഫിക്കറ്റ്

58 (2114)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരുമാന സർട്ടഫിക്കറ്റിനുള്ള അപേക്ഷയുമായി വരുന്നവർക്ക് അപേക്ഷ തീയതി മുതൽ രണ്ട് ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് നൽകുകയോ നിരസിക്കുകയോ ചെയ്യണമെന്ന് നിർദ്ദേശം നൽകുമോ?

ഉത്തരം

അപേക്ഷയെ സംബന്ധിച്ച് അന്വേഷണം നടത്തി മാത്രമേ സർട്ടിഫിക്കറ്റ് നൽകാനാവൂ. വളരെയധികം അപേക്ഷകൾ ഓരോ ദിവസവും വരുന്നതിനാലും പ്രാദേശിക അന്വേഷണം ആവശ്യമായതിനാലും രണ്ടു ദിവസം എന്നുള്ളത് കൂടുതൽ അന്വേഷണം ആവശ്യമുള്ള അപേക്ഷകളിൽ പ്രായോഗികമല്ല. ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനം കൈക്കൊണ്ട് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതാണെന്ന് കാണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭൂനികുതികളുടെ ഘടനയും തോതും

59 (2115)ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ജോർജ്ജ് ജെ.മാത്യു :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഭൂനികുതിയുടെ ഘടനയും തോതും എന്തായിരുന്നു;

(ബി) 1995-96- ൽ ഭൂനികുതിയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടി;

(സി) ഇപ്പോഴത്തെ ഭൂനികുതിയുടെ ഘടനയും തോതുമെന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഈ തോതിൽ ഒരു വർഷം ഭൂനികുതിയിനത്തിൽ എന്തു തുക പിരിഞ്ഞുകിട്ടും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഫിനാൻസ് ആക്ട് 1993 പ്രകാരം ആർ ഒന്നിന് പഞ്ചായത്തു പ്രദേശങ്ങളിൽ 50 പൈസയും, മുനിസിപ്പൽ/ടൗൺഷിപ്പ് പ്രദേശങ്ങളിൽ 1 രൂപയും, കോർപ്പറേഷൻ പ്രദേശങ്ങളിൽ 2 രൂപയും ആയിരുന്നു ഭൂനികുതിയുടെ നിരക്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1277.43 ലക്ഷം രൂപ.

(സി) കേരള ഫിനാൻസ് ആക്ട് 1998 പ്രകാരം 1-4-1998 മുതൽ ഭൂനികുതി നിരക്ക് ആർ ഒന്നിന് താഴെപ്പറയുംപ്രകാരമാണ്.

ഗ്രാമപഞ്ചായത്ത്	-	1 രൂപ
ടൗൺ പഞ്ചായത്ത്/	-	2 രൂപ
മുനിസിപ്പൽ പ്രദേശം		
കോർപ്പറേഷൻ പ്രദേശം	-	4 രൂപ

എന്നാൽ ഗ്രാമപഞ്ചായത്തിൽ 20 ആർ വരെയും, ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് 6 ആർ വരേയും, കോർപ്പറേഷനിൽ 2 ആർ വരെയും ഭൂമി കൈവശമുള്ള നികുതിദായകർ ആർ ഒന്നിന് യഥാക്രമം 50 പൈസ, ഒരു രൂപ, രണ്ടു രൂപ നിരക്കിൽ ഭൂനികുതി നൽകിയാൽ മതി.

(ഡി) 2078.29 ലക്ഷം രൂപ.

സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി

60 (2116)ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള എത്ര ഹെക്ടർ സർക്കാർ ഭൂമിയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) ഇവയിൽ ഏറ്റവും കുറഞ്ഞ പാട്ടത്തുക എത്രയാണെന്നും ഏറ്റവും ഉയർന്ന പാട്ടത്തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ വ്യക്തികൾ പാട്ടത്തിനെടുത്തിട്ടുള്ള ഭൂമിയെല്ലാമായി എത്ര കോടി രൂപ വില വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത ഭൂമികൾ സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 147.40.89 ഹെക്ടർ

(ബി) ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	58.56.70 ഹെക്ടർ
കൊല്ലം	-	6.38.57 ഹെക്ടർ
പത്തനംതിട്ട	-	4.94.97 ഹെക്ടർ
ആലപ്പുഴ	-	6.45.39 ഹെക്ടർ
കോട്ടയം	-	9.48.26 ഹെക്ടർ

LIBRARY ARCHIVES Kerala Legislative Assembly